# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1582      13.06.2014-ലെ മറുപടിയ്ക്ക്

## തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ഡോ: എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പഞ്ചായത്തുകളുടെയും മുൻസിപ്പാലിറ്റികളുടെയും പദ്ധതി നിർവ്വഹണം സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; | (എ) | പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ സ.ഉ(എം.എസ്) 362/2013/തസ്വഭവ നമ്പരായി 16.11.2013-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | 2014-2015 സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എസ്റ്റിമേറ്റുകൾ നൽകുകയുണ്ടായി എന്ന് വ്യക്തമാക്കാമോ; | (ബി) | 2014-15 സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് 06.06.2014 വരെ 112 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെല്ലാം എസ്റ്റിമേറ്റുകൾ നൽകിയിട്ടുണ്ട്. |
| (സി) | പദ്ധതി നിർവ്വഹണത്തിന് 2013-2014 സാമ്പത്തിക വർഷത്തിൽ പാർലമെന്റ് ഇലക്ഷൻ പ്രമാണിച്ച് പൂർത്തീകരിക്കാത്ത പദ്ധതികൾക്ക് കാലാവധി നീട്ടി നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വെളിപ്പെടുത്തുമോ? | (സി) | 2013-14-ൽ പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികൾ 2014-15 വർഷം സ്പിൽ ഓവറായി നടപ്പാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ